(ബി) ഇതിന്റെ ജോലി എപ്പോൾ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഈ നാലുവരിപ്പാതയുടെ പണി എന്നത്തേക്ക് പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) താഴെപ്പറയുന്ന ദേശീയപാതകൾ ബി.ഒ.റ്റി. അടിസ്ഥാനത്തിൽ നാലുവരി പാതയായി വികസിപ്പിക്കുവാൻ കേന്ദ്ര സർക്കാർ തത്വത്തിൽ അംഗീകരിച്ചിട്ടുണ്ട്.

(i) എൻ.എച്ച്. 47 ചേർത്തല മുതൽ തിരുവനന്തപുരം വരെ.

(ii) എൻ.എച്ച്. 17 ഇടപ്പള്ളി മുതൽ കോഴിക്കോട് വരെ.

(iii) എൻ.എച്ച്. 17 കോഴിക്കോട് മുതൽ മംഗലാപുരം വരെ.

(ബി) & (സി) കേന്ദ്ര സർക്കാരിന്റെ തീരുമാനമനുസരിച്ചാണ് പ്രസ്തുത പാതകളുടെ ജോലി ആരംഭിക്കുന്നത്.

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട്

53 [634] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ടിനുവേണ്ടി എത്ര കോടി രൂപയാണ് ലോകബാങ്കിൽ നിന്നും കടം എടുത്തിട്ടുള്ളത്;

(ബി) ഇതുവരെ എത്രകോടി രൂപയുടെ ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്;

(സി) ഈ വായ്പ എന്നുമുതൽ ഏതു രീതിയിൽ തിരിച്ചടയ്ക്കാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലോകബാങ്ക് 1236 കോടി രൂപ ധനസഹായമായി അനുവദിച്ചിട്ടുണ്ട്. ഇതിൽ 70% വായ്പയും 30% ഗ്രാന്റുമാണ്. ഇതിനോടകം ലഭിച്ച വായ്പ 343.2 കോടി രൂപയാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 397.66 കോടി രൂപ (ജൂൺ 2005 വരെ) ചെലവായിട്ടുണ്ട്.

(സി) ലോകബാങ്കിൽ നിന്ന് ലഭിക്കുന്ന തുക കേന്ദ്രഗവൺമെന്റ് സർക്കാരിന് നൽകുന്നത് additional central assistance ആയിട്ടാണ്. ഈ തുക മാനദണ്ഡങ്ങൾക്കനുസരിച്ച് 2007 ജൂൺ 15 മുതൽ 30 അർദ്ധവാർഷിക ഗഡുക്കളായിട്ടാണ് തിരിച്ചടയ്ക്കേണ്ടത്.

കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് അനുസരിച്ചുള്ള റോഡ് പണി

54 [635] *ശ്രീ. പി. ടി. തോമസ്:*

,, *ജോർജ് ജെ. മാത്യു:*

,, *ജി. കാർത്തികേയൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് പ്രോജക്ട് അനുസരിച്ച് എത്ര കിലോമീറ്റർ റോഡിന്റെ പണിയാണ് നടന്നുവരുന്നത്; ഇതിൽ നേരത്തെ എത്ര കിലോമീറ്റർ റോഡ് നിലവിലുണ്ടായിരുന്നു;

(ബി) ഈ പണിക്കുവേണ്ടി കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; അവർ ആരെല്ലാമാണ്;

(സി) ഈ പദ്ധതിക്കുവേണ്ടി കൺസൾട്ടൻസി ഫീസിനത്തിൽ എന്ത് തുകയാണ് കൊടുക്കേണ്ടത്?

ഉത്തരം

(എ) ഒന്നാംഘട്ട പദ്ധതിയിൽ ഉൾപ്പെടുത്തിയ 254 കി. മീ. റോഡിന്റെ അപ്ഗ്രഡേഷൻ പണികൾ നടന്നുവരുന്നു. ഹെവി മെയിന്റനൻസിൽ ഉൾപ്പെടുത്തിയ 339.1 കി. മീ. റോഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയായി. രണ്ടാം വർഷത്തിൽ ഉൾപ്പെടുത്തിയ 335.5 കി. മീറ്ററിന്റെയും മൂന്നാം വർഷത്തെ 306.9 കി. മീറ്ററിന്റെയും അറ്റകുറ്റപ്പണികൾ പുരോഗമിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly